Mylab
Discovery solutions

ഉപയോഗത്തിനുള്ള വിവരങ്ങൾ

# CoviSelf®

## കോവിഡ്-19 റാപ്പിഡ് ആന്റിജൻ ടെസ്റ്റ്

## സ്വയം ടെസ്റ്റ് കിറ്റ്

**Version 1.0**
26 April 2021

mylabdiscoverysolutions.com

### ഉപയോഗത്തിന്റെ ഉദ്ദേശ്യം:

കോവിസെൽഫ് "കോവിഡ്-19 റാപ്പിഡ് ആന്റിജൻ ടെസ്റ്റ് (RAT) എന്നാൽ കോവിഡ്-19 ന്റെയോ മറ്റ് മഹാമാരിയുടെ ലക്ഷണങ്ങൾ ഉള്ളതോ ഉണ്ടെന്ന് സംശയിക്കുന്നതോ ആയ വ്യക്തികളുടെ മൂക്കിലെ ദ്രാവകത്തിന്റെ സാമ്പിളുകളിൽ നിന്നു കോവിഡ്-19 ആന്റിജനെ ഫലപ്രദമായി കണ്ടെത്തുന്നതിനുള്ള ഒരു ഇൻ വിട്രോ ഡയഗ്നോസ്റ്റിക് പരിശോധനയാണ്.
18 വയസോ അതിൽ കൂടുതലോ പ്രായമുള്ള വ്യക്തികളിൽ നിന്ന് സ്വയം ശേഖരിച്ച മൂക്കിലെ ദ്രാവകത്തിന്റെ സാമ്പിളുകളോ അല്ലെങ്കിൽ 2 വയസോ അതിൽ കൂടുതലോ പ്രായമുള്ള വ്യക്തികളിൽ നിന്ന് മുതിർന്നവർ ശേഖരിച്ച സാമ്പിളുകളോ ഉപയോഗിച്ച് കുറിപ്പടിയില്ലാത്ത ഗാർഹിക ഉപയോഗ ത്തിന് ഈ പരിശോധന അംഗീകാരം നൽകുന്നു.
**നെഗറ്റീവ് ടെസ്റ്റിനായി:** RAT നെഗറ്റീവ് എന്ന് തിരിച്ചറിഞ്ഞ രോഗലക്ഷണമുള്ള വ്യക്തികളെ അതിനു ശേഷം RT-PCR ടെസ്റ്റ് സൗകര്യവുമായി ബന്ധിപ്പിക്കുകയും കോവിഡ്-19 അണുബാധ ഇല്ലെന്നു സ്ഥിരീകരിക്കുന്നതിന് RT-PCR പരിശോധിക്കുകയും വേണം. ആ സമയം അത്തരം വ്യക്തികളെ വീട്ടിൽ ഒറ്റയ്ക്ക് പാർപ്പിക്കുകയും ചികിത്സ നടത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്യും, കാരണം RAT യെ സംബന്ധിച്ച നെഗറ്റീവ് റിപ്പോർട്ട് ചില സന്ദർഭങ്ങളിൽ യഥാർത്ഥ നെഗറ്റീവ് ആയിരിക്കണമെന്നില്ല.
**പോസിറ്റീവ് ടെസ്റ്റിനായി:** ഒരു ടെസ്റ്റ് പോസിറ്റീവ് ആണെങ്കിൽ അതിനെ ഒരു യഥാർത്ഥ പോസിറ്റീവ് ആയി കണക്കാക്കണം, അതിന് ആർടി-പിസിആർ ടെസ്റ്റ് ചെയ്തു പുനർസ്ഥിരീകരണം ആവശ്യമില്ല.
പരിശോധന നടത്തുന്നതിന് മുമ്പ് നിർദ്ദേശങ്ങൾ വായിക്കുക. എല്ലാ പരിശോധനകളും വ്യക്തികളുടെ സമ്മതത്തോടെയും പൂർണ്ണമായും സ്വന്തം അപകടസാധ്യത, ചെലവ്, പരിണിതഫലങ്ങൾ എന്നിവയിലൂടെ നടത്തണം.

### കിറ്റ് സംഭരണവും സ്ഥിരതയും

1. ടെസ്റ്റിംഗ് കിറ്റ് റൂം താപനിലയിൽ സൂര്യപ്രകാശം ഏൽക്കാത്തതും കുട്ടികൾക്ക് എത്തിപ്പെടാനാകാത്ത ഒരു സ്ഥലത്ത് സൂക്ഷിക്കാവുന്നതുമാണ്.
2. ടെസ്റ്റ് കിറ്റ് ഘടകങ്ങളെയൊന്നും ഫ്രീസ് ചെയ്യരുത്.
3. കാലഹരണ തീയതിക്ക് ശേഷം ടെസ്റ്റ് ഉപകരണവും റിയാക്ടറുകളും ഉപയോഗിക്കരുത്.

### പരിശോധനയുടെ സിദ്ധാന്തങ്ങൾ:

മൂക്കിലെ ദ്രാവക സാംപിളുകളിൽ നിന്ന് കോവിഡ്-19 ന്യൂക്ലിയോകാപ്സിഡ് പ്രോട്ടീൻ കണ്ടെത്തുന്നതിന് വളരെ സെൻസിറ്റിവായ ആന്റിബോഡികൾ ഉപയോഗിക്കുന്ന ഇമ്മ്യൂണോക്രോമറ്റോഗ്രാഫിക് നൈട്രോസെല്ലുലോസ് മെംബ്രേയ്ൻ അസ്സെയാണ് "കോവിസെൽഫ്" കോവിഡ്-19 റാപ്പിഡ് ആന്റിജൻ ടെസ്റ്റ്.
ടെസ്റ്റ് അസംബ്ലിയിൽ ടെസ്റ്റ് ലൈൻ (ടി) ആയി മെംബ്രേയ്നിൽ നിശ്ചലമാക്കിയ കോവിഡ്-19 ആന്റിബോഡികളും ഒരു നിർദിഷ്ട കണ്ട്രോൾ സൊല്യൂഷനിലെ ആന്റിബോഡികളും മെംബ്രേയ്നിൽ കൺട്രോൾ ലൈൻ (സി) ആയി നിശ്ചലമാക്കിയിരിക്കുന്നു. കൂടാതെ, ടെസ്റ്റ് സ്ട്രിപ്പിൽ കോവിഡ്-19 കൊളോഡിയൽ ഗോൾഡ് കൺജുഗേറ്റഡ് ആന്റിബോഡികളുള്ള ഒരു ബഫർഡ് സാമ്പിൾ പാഡും അടങ്ങിയിരിക്കുന്നു. പരിക്ഷണ ഉപകരണത്തിന്റെ സാമ്പിൾ പാഡിലേക്ക് സാമ്പിൾ (സ്പെസിമെൻ & ലിസിസ് ബഫർ മിശ്രിതം) ചേർക്കുമ്പോൾ, സാമ്പിൾ കൊളോഡിയൽ ഗോൾഡ് നാനോകണങ്ങൾക്കൊപ്പം മൈഗ്രേറ്റ് ചെയ്യപ്പെടുന്നു. സാമ്പിളിൽ കോവിഡ് -19 ആന്റിജൻ 'കണ്ടെത്താവുന്ന അളവിൽ' അടങ്ങിയിട്ടുണ്ടെങ്കിൽ, അത് കൊളോയിഡൽ ഗോൾഡ് കൺജഗേറ്റഡ് ആന്റിബോഡികളുമായി പ്രതിപ്രവർത്തനം നടത്തി എജി-എബി കോംപ്ലക്സ് ആയി മാറുന്നു. ഈ കോംപ്ലെക്സ് മെംബ്രേയ്നിലേക്ക് മാറുകയും ടെസ്റ്റ് ലൈനിൽ പൂശിയ കോവിഡ്-19 മോണോക്ലോണൽ ആന്റിബോഡികളുമായി പ്രതിപ്രവർത്തിച്ച് ഒരു ടെസ്റ്റ് ബാൻഡ് (ടെസ്റ്റ് ലൈൻ) രൂപപ്പെടുകയും ചെയ്യുന്നു. കോവിഡ്-19 ആന്റിജനിന്റെ സാന്നിധ്യം കണക്കിലെടുക്കാതെ, സാമ്പിൾ പാഡിൽ നിന്നുള്ള ഒരു കൊളോഡിയൽ ഗോൾഡ് കൺജുഗേറ്റ് ആന്റിബോഡി പിന്നേയും മുന്നോട്ട് നീങ്ങി നിയന്ത്രണ രേഖ രൂപപ്പെടുത്തുന്നതിനായി ഒരു നിർദിഷ്ട കണ്ട്രോൾ സൊല്യൂഷനിലെ ആന്റിബോഡികളുമായി ഒരു കോംപ്ലെക്സ് ആയി രൂപപ്പെടുന്നു.

### കിറ്റിലെ സാമഗ്രികൾ

മൂൻകൂട്ടി നിറക്കപ്പെട്ട എക്സ്ട്രാക്ഷൻ ട്യൂബ്-1 എണ്ണം



ഉപയോഗത്തിനുള്ള നിർദ്ദേശം-1 എണ്ണം.

അണുവിമുക്തമാക്കപ്പെട്ട നേസൽ സ്വാബ്-1 എണ്ണം

ടെസ്റ്റ് കാർഡ്-1 എണ്ണം.

ഡിസ്പോസൽ ബാഗ് - 1 എണ്ണം

പ്ലേ സ്റ്റോർ / ആപ്പ് സ്റ്റോറിൽ നിന്ന് **mylab coviself®** (മൈലാബ് കോവിസെൽഫ്® അപ്ലിക്കേഷൻ) ഡൗൺലോഡു ചെയ്യുക

GET IT ON Google Play | Download on the App Store

### ടെസ്റ്റിന് വേണ്ടി തയ്യാർ ആകുക.

**നിങ്ങളുടെ കൈകൾ കഴുകുക.**
പരിക്ഷണ നടപടിക്രമം ആരംഭിക്കുന്നതിന്
മുമ്പ് കൈകൾ നനഞ്ഞതല്ലെന്ന് ഉറപ്പ് വരുത്തുക.



പൗച് തുറന്നു ഓരോ ഘടകങ്ങളും
പരിശോധനയ്ക്ക് വേണ്ടി
തയ്യാറാക്കുക.

**Mylab CoviSelf® അപ്ലിക്കേഷൻ തുറന്ന് ക്രെഡൻഷ്യലുകൾ (വിവരങ്ങൾ) പൂരിപ്പിക്കുക.**
(*ഐസിഎംആർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എല്ലാ കോളങ്ങളും നിർബന്ധമാണ്.)

പരിക്ഷണ ഉപകരണം അടങ്ങിയ സഞ്ചി തുറക്കുക. (കാസറ്റ്)

നിങ്ങളുടെ വിവരങ്ങളുമായി (ക്രെഡൻഷ്യലുകളുമായി) കോഡ് ലിങ്കുചെയ്യുന്നതിന് കാസറ്റിലെ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

മൂൻകൂട്ടി നിറയ്ക്കപ്പെട്ട ബഫർ ട്യൂബ് കണ്ടെത്തി സഞ്ചിയിൽ നിന്നും മാറ്റി ഒരു സമതല പ്രതലത്തിൽ ലംബമായി ഉറപ്പിക്കുക, എക്സ്ട്രാക്ഷൻ ബഫർ ട്യൂബിന്റെ അടിയിൽ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുക.



അടപ്പ് തുറന്ന് ട്യൂബ് കൈയിൽ പിടിക്കുക. ട്യൂബിലെ സാമഗ്രി താഴെ പോകാൻ അനുവദിക്കരുത്.



## താഴെപ്പറയുന്ന ഘട്ടങ്ങൾ പാലിക്കുക

### സ്റ്റെപ്പ് 1

സ്വാബ് പാക്കേജിന്റെ താഴത്തെ അറ്റം തുറന്നു സ്വാബ് പുറത്തെടുക്കുക




### നേസൽ സ്വാബ് ഉപയോഗിച്ച് സാമ്പിൾ എടുക്കുന്നത്



1) കിറ്റിൽ നൽകിയിട്ടുള്ള അണുവിമുക്തമായ സ്വാബിന്റെ സഹായത്തോടെ മൂക്കിലേക്ക് ഒരു സ്വാബ് ശ്രദ്ധാപൂർവ്വം തിരുകുക. സ്വാബിന്റെ അറ്റം 2 മുതൽ 4 സെന്റിമീറ്റർ വരെ അല്ലെങ്കിൽ പ്രതിരോധം ഉണ്ടാകുന്നതുവരെ അകത്തേക്ക് കടത്തണം.

2) കോശങ്ങൾ ശേഖരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ മൂക്കിനുള്ളിൽ സ്വാബ് 5 തവണ ചുരുട്ടുക.



3) ഇതേ സ്വാബിന്റെ സഹായത്തോടെ, മറ്റേ മൂക്കിലേക്ക് ഈ പ്രക്രിയ ആവർത്തിച്ച് മൂക്കിലെ രണ്ട് അറകളിൽ നിന്നും മതിയായ സാമ്പിൾ ശേഖരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

4) മൂക്കിലെ അറയിൽ നിന്ന് സ്വാബ് പിൻവലിക്കുക. ടെസ്റ്റ് കിറ്റിൽ നൽകിയിരിക്കുന്ന എക്സ്ട്രാക്ഷൻ ബഫർ ഉപയോഗിച്ച് ഈ സ്പെസിമെൻ ഇപ്പോൾ പരിശോധനയ്ക്ക് തയ്യാറാണ്.

## സ്റ്റെപ്പ് 2

മൂക്കിലെ ദ്രാവകം എടുത്ത് മുൻകൂട്ടി നിറയ്ക്കപ്പെട്ട എക്സ്ട്രാക്ഷൻ ട്യൂബിൽ മുക്കുക. എക്സ്ട്രാക്ഷൻ ബഫറിൽ സ്വാബ് നന്നായി മുങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ട്യൂബ് ചുവട്ടിൽ ഞെക്കി സ്വാബ് 10 തവണ കറക്കുക.




സ്വാബിന്റെ ബ്രേക്ക്പോയിന്റ് കണ്ടെത്തുക. ബ്രേക്ക്പോയിന്റിൽ വച്ച് സ്വാബിനെ ഒടിക്കുക. സ്വാബിന്റെ ബാക്കി ഭാഗം ഉപേക്ഷിക്കുക. നന്നായി കൂട്ടികലർത്തുക.




ഘടിപ്പിച്ചിരിക്കുന്ന നോസിൽ ക്യാപ് ഉപയോഗിച്ച് ട്യൂബ് മുറുക്കി അടക്കുക.

## സ്റ്റെപ്പ് 3

ട്യൂബ് അമർത്തിക്കൊണ്ട്, എക്സ്ട്രാക്റ്റുചെയ്ത ആന്റിജൻ ബഫർ മിശ്രിതത്തിന്റെ 2 മുഴുവൻ തുള്ളി പരിക്ഷണ ഉപകരണത്തിന്റെ സാമ്പിൾ വെല്ലിലേക്ക് ചേർക്കുക, റിസൾട്സ് ദൃശ്യമാകുന്നതിന് 10-15 മിനിറ്റ് കാത്തിരിക്കുക.




15 മിനിറ്റിനുള്ളിൽ റിസൾട്ട് നോക്കുക. ശക്തമായ പോസിറ്റിവ് റിസൾട്സ് 10-15 മിനിറ്റിനുള്ളിൽ കാണാം. 20 മിനിറ്റിനുശേഷം ദൃശ്യമാകുന്ന റിസൾട്സ് സാധുവല്ല.

പരിശോധന റിസൾട്ട് ലഭിക്കുവാൻ ഫോൺ നിങ്ങൾക്ക് അലാറം നൽകുന്നതായിരിക്കും.

## സ്റ്റെപ്പ് 4

പരിക്ഷണ ഉപകരണം എടുത്ത് ഫോട്ടോ എടുക്കുക



നിങ്ങളുടെ കോവിഡ്-19 പരിശോധനാ റിസൾട്ട് ആപ്ലിക്കേഷൻ വിശകലനം ചെയ്യുന്നതിനും പ്രദർശിപ്പിക്കുന്നതിനും വേണ്ടി കാത്തിരിക്കുക.




കോവിഡ്-19 നെയും മറ്റ് വൈറസുകളെയും കൊല്ലുന്ന ലൈസിസ് ബഫർ ട്യൂബിൽ സ്വാബ് ഇട്ടുവച്ചിരിക്കുന്നു. പൊട്ടിയ സ്വാബ് ഹെഡ് അകത്തുള്ള ഈ ട്യൂബ്, പരിശോധനയുടെ മറ്റ് ഘടകങ്ങൾക്കൊപ്പം, ഡിസ്പോസൽ ബാഗിനുള്ളിൽ വയ്ക്കുകയും വിട്ടു മാലിന്യങ്ങളിൽ കളയുകയും വേണം. സ്പെസിമെൻ തൊട്ടേക്കാവുന്ന എല്ലാ ഉപരിതലങ്ങളും അണുവിമുക്തമാക്കുക, നിക്കം ചെയ്തതിനുശേഷം കൈ കഴുകുക.



## പോസിറ്റീവ് റിസൽറ്റ്

ഗുണനിലവാര നിയന്ത്രണ രേഖ "സി" യും കണ്ടെത്തൽ രേഖയും പ്രത്യക്ഷപ്പെടുകയാണെങ്കിൽ, നോവൽ കൊറോണ വൈറസ് ആന്റിജൻ കണ്ടെത്തിയിരിക്കുന്നു കൂടാതെ ആന്റിജന് റിസൾട്ട് പോസിറ്റീവ് ആണ്.

പോസിറ്റീവ്




**വളരെ സൂക്ഷ്മമായി നോക്കുക!**
താഴത്തെ വരി വളരെ മങ്ങിയതായിരിക്കും. ഇവിടെ കാണുന്ന ഏത് പിങ്ക്/ പർപ്പിൾ വരയും ഒരു പോസിറ്റീവ് റിസൾട്ട് സൂചിപ്പിക്കുന്നു.

### പോസിറ്റീവ് റിസൽറ്റിന്റെ വ്യത്യസ്ത സാധ്യതകൾ



**ICMR മാർഗ്ഗനിർദ്ദേശങ്ങൾ:** • പോസിറ്റീവ് ആയ എല്ലാ വ്യക്തികളെയും യഥാർത്ഥ പോസിറ്റീവായി കണക്കാക്കാം, കൂടാതെ ആവർത്തിച്ചുള്ള പരിശോധന ആവശ്യമില്ല. എല്ലാ ടെസ്റ്റ് പോസിറ്റീവ് വ്യക്തികളും ഐസിഎംആർ, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം (MoH & FW) പ്രോട്ടോക്കോൾ അനുസരിച്ച് ഹോം ഐസോലേഷനും പരിചരണവും പിന്തുടരാൻ നിർദ്ദേശിക്കുന്നു, https: //www.icmr.gov.in/chomecare.html ഇൽ നിന്ന് ആക്സസ് ചെയ്യാം.

## നെഗറ്റീവ് റിസൽറ്റ്

ഒരു ഗുണനിലവാര നിയന്ത്രണ ലൈൻ "സി" മാത്രമേയുള്ളൂ, ടെസ്റ്റ് ലൈൻ 'ടി' ഇല്ലെങ്കിൽ ഇത് റിസൽറ്റ് നെഗറ്റീവ് ആണെന്ന് സൂചിപ്പിക്കുന്നു.

നെഗറ്റീവ്




**ICMR മാർഗ്ഗനിർദ്ദേശങ്ങൾ:** RAT പരിശോധന നെഗറ്റീവ് ആയ, രോഗലക്ഷണങ്ങളുള്ള എല്ലാ വ്യക്തികളും RTPCR പരിശോധന ഉടൻ തന്നെ നടത്തണം. കുറഞ്ഞ വൈറൽ ലോഡുള്ള ചില പോസിറ്റീവ് കേസുകൾ RAT- കൾ നഷ്ടപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ഇത് വളരെ പ്രധാനമാണ്. • RAT നെഗറ്റീവ് ആയ, രോഗലക്ഷണങ്ങളുള്ള എല്ലാ വ്യക്തികളെയും സംശയാസ്പദമായ കോവിഡ്-19 കേസുകളായി കണക്കാക്കാം, കൂടാതെ RTPCR പരിശോധന ഫലത്തിനായി കാത്തിരിക്കുമ്പോൾ ICMR / MoH & FW ഹോം ഐസോലേഷൻ പ്രോട്ടോക്കോൾ പിന്തുടരാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു

## അസാധു

ഗുണനിലവാര നിയന്ത്രണ ലൈൻ "സി" കാണപ്പെട്ടില്ലെങ്കിൽ, "ടി" കണ്ടെത്തൽ രേഖ ഉണ്ടോ എന്നത് പരിഗണിക്കാതെ തന്നെ അത് അസാധുവാണെന്ന് കണക്കാക്കാം.

അസാധു




## പതിവു ചോദ്യങ്ങൾ

**1. ഈ പരിശോധനയുടെ അറിയപ്പെടുന്നതും സാധ്യതയുള്ളതുമായ അപകടങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്?**
പരിക്ഷണവുമായി സാധ്യതയുള്ള അപകടങ്ങളൊന്നും കണ്ടെത്തിട്ടില്ല, എന്നിരുന്നാലും
• സാമ്പിൾ ശേഖരണ സമയത്ത് ഉണ്ടാകാവുന്ന അസ്വസ്ഥത.
• തെറ്റായ പരിശോധനാ റിസൽറ്റ് വ്യാഖ്യാനിക്കാനുള്ള സാധ്യത (റിസൽറ്റിന്റെ വിഭാഗം കാണുക).
**സാധ്യമായ നേട്ടങ്ങൾ ഇവ ഉൾപ്പെടുന്നു:**
• ഫലങ്ങളും മറ്റ് വിവരങ്ങളും , നിങ്ങളുടെ പരിചരണത്തെക്കുറിച്ച് വേണ്ട ശുപാർശകൾ നൽകാൻ നിങ്ങളുടെ ആരോഗ്യ സംരക്ഷണ ദാതാവിനെ സഹായിക്കും.
• ഈ പരിശോധനയുടെ ഫലങ്ങൾ നിങ്ങളുടെ കുടുംബത്തിലും നിങ്ങളുടെ കമ്മ്യൂണിറ്റിയിലെ മറ്റുള്ളവർക്കും കോവിഡ്-19 ന്റെ വ്യാപനം പരിമിതപ്പെടുത്താൻ സഹായിച്ചേക്കാം.

**2. ഈ പരിശോധന വേദനിപ്പിക്കുമോ?**
ഇല്ല. മൂക്കിലെ ദ്രാവകം എടുക്കുന്ന സ്വാബ് മൈലാബ് പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്, അത് മൂർച്ചയുള്ളതല്ല, അത് ഉപദ്രവകാരിയുമല്ല. ചിലപ്പോൾ സ്വാബ് കാരണം അല്പം അസ്വസ്ഥതയോ ഇക്കിളിയോ അനുഭവപ്പെടാം. നിങ്ങൾക്ക് വേദന അനുഭവപ്പെടുന്നുവെങ്കിൽ, ദയവായി പരിശോധന നിർത്തി ആരോഗ്യ പരിരക്ഷാ ദാതാവിന്റെ ഉപദേശം തേടുക.

**3. ഒരു ആന്റിജനും മോളിക്യുലർ ടെസ്റ്റും തമ്മിലുള്ള വ്യത്യാസം?**
മോളിക്യുലർ ടെസ്റ്റുകൾ (RT-PCR ടെസ്റ്റുകൾ എന്നും അറിയപ്പെടുന്നു) വൈറസിന്റെ ജനിതക വസ്തുക്കൾ കണ്ടെത്തുന്നു. ആന്റിജൻ ടെസ്റ്റുകൾ വൈറസിൽ നിന്നുള്ള പ്രോട്ടീനുകളെ കണ്ടെത്തുന്നു. ആന്റിജൻ പരിശോധനകൾ വൈറസിന് വളരെ നിർദ്ദിഷ്ടമാണ്, പക്ഷേ മോളിക്യുലർ പരിശോധനകളെപ്പോലെ സെൻസിറ്റീവ് അല്ല. ഇതിനർത്ഥം ഒരു പോസിറ്റീവ് ഫലം വളരെ കൃത്യമാണ്, പക്ഷേ ഒരു നെഗറ്റീവ് ഫലം അണുബാധയെ നിരാകരിക്കുന്നില്ല.

## നടപടിക്രമത്തിന്റെ പരിധി

1. ഈൻ വിട്രോ രോഗനിർണയത്തിന് മാത്രമാണ് ഈ റിഫ്ലക്റ്റ് ഉപയോഗിക്കുന്നത്.
2. ഈ റീഫ്ലക്റ്റ് ഗുണപരമായ കണ്ടെത്തലിനായി മാത്രമാണ് ഉപയോഗിക്കുന്നത്, ഇതിന് സ്പെസിമെനിലെ നോവൽ കൊറോണ വൈറസ് ആന്റിജെനിന്റെ നിലയെ സൂചിപ്പിക്കാൻ കഴിയില്ല.
3. ടെസ്റ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ പരിശോധന ഫലങ്ങളുടെ വ്യാഖ്യാനവും പരിക്ഷണ പ്രകടനത്തെയും പ്രതികൂലമായി ബാധിക്കുകയും അസാധുവായ ഫലം നൽകുകയും ചെയ്യും.
4. ഒരു സ്പെസിമെനിൽ പരിശോധനയുടെ സംവേദനക്ഷമതയുടെ അളവിൽ കുറവ് ആണ് വേർതിരിച്ചെടുത്ത ആന്റിജൻ, അല്ലെങ്കിൽ ഗുണനിലവാരമില്ലാത്ത സ്പേസിമെനോ ആണ് ലഭിച്ചതെങ്കിൽ നെഗറ്റീവ് ഫലം ഉണ്ടാകാം.
5. പോസിറ്റീവ് ഫലങ്ങളിൽ മറ്റ് രോഗകാരികളുമായുള്ള അണുബാധകളെയും നിരാകരിക്കരുത്.

**കിറ്റ് എങ്ങനെ ഉപയോഗിക്കാമെന്നതിന്റെ വീഡിയോ കാണുന്നതിനായി സ്കാൻ ചെയ്യുക**
***IOS:** ഒരു സാധാരണ ക്യാമറയിൽ നിന്ന് സ്കാൻ ചെയ്യുക.
**Android:** ഏതെങ്കിലും QR കോഡ് സ്കാനർ അപ്ലിക്കേഷനിലൂടെ സ്കാൻ ചെയ്യുക.

**ICMR Guidelines:** • All individuals who test positive may be considered as true positives and no repeat testing is required. • All test positive individuals are advised to follow home isolation and care as per the ICMR & Ministry of Health & Family Welfare (MoH&FW) protocol which can be accessed at: https://www.icmr.gov.in/chomecare.html.

• All symptomatic individuals who test negative by RAT should get themselves immediately tested by RTPCR. This is especially important as the RATs are likely to miss few positive cases presenting with a low viral load.
• All RAT negative symptomatic individuals may be treated as suspect COVID-19 cases and are advised to follow the ICMR/MoH&FW home isolation protocol while awaiting the RTPCR test result.

Mylab Discovery solutions

നിർമ്മാണവും വിപണനവും:
മൈലാബ് ഡിസ്കവറി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
പ്ലോട്ട് നമ്പർ 99-ബി, ലോണാവാല, ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് എസ്റ്റേറ്റ് ലിമിറ്റഡ്, നംഗാർഗാവ്, ലോണാവാല, പൂനെ, മഹാരാഷ്ട്ര 410401, ഇന്ത്യ.

Email: info@mylabmail.com
Web: www.mylabdiscoverysolutions.com
**Toll-free- 1800-121-8684**

PathoDetect | NATSpert | PathoCatch | OncoScreen | DiscoverSeries | AgroDex | VetScreen | CompactXL